9041
21/5/18

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-പെരിയാർ വെസ്റ്റ് ഡിവിഷൻ, കുമരകം പക്ഷി സങ്കേതത്തിൽ 1997-98, 2000-01 കാലയളവിൽ നടന്ന ഡിപ്പാർട്ട്മെന്റൽ ജോലികളിലെ ക്രമക്കേട്-സർവ്വശ്രീ.ഇ.പി.കുമാരൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട), കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) , സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം./175/2018/വനം** തീയതി,തിരുവനന്തപുരം, 11/04/2018

---

പരാമർശം:- (1) 12.07.2002 ലെ സ.ഉ.(സാധാ) നം.215/2002/വനം ഉത്തരവ്

(2) 24.12.2003 ലെ സ.ഉ.(സാധാ) നം.467/2003/വനം ഉത്തരവ്

(3) 20.03.2004 ലെ സ.ഉ.(സാധാ) നം.124/2004/വനം ഉത്തരവ്

(4) 07.04.2017-ലെ സ.ഉ.(സാധാ)നം. 143/2017/വനം ഉത്തരവ്

(5) 23.10.2017ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-7937/11 നമ്പർ കത്ത്

**ഉത്തരവ്**

പെരിയാർ വെസ്റ്റ് ഡിവിഷൻ, കുമരകം പക്ഷി സങ്കേതത്തിൽ 1997-98, 2000-01 കാലയളവിൽ നടന്ന ഡിപ്പാർട്ട്മെന്റൽ ജോലികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വശ്രീ.ഇ.പി.കുമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ് എന്നിവരടക്കം 6 ഉദ്യോഗസ്ഥരെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പരാമർശം (2) പ്രകാരം തിരിച്ചെടുക്കുകയും ചെയ്തു.

2) പ്രസ്തുത വിഷയത്തിൽ ടിയാന്മാർക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 പ്രകാരം

സർവ്വശ്രീ. ഇ.പി.കമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറി (റിട്ട.) ന്റെയും മുഹമ്മദ് ഹനീഫ, റെയിഞ്ചാഫീസറി (റിട്ട.) ന്റെയും ഡി.സി.ആർ.ജിയിൽ നിന്നും 96,789/-രൂപ വീതം 5% (അഞ്ച് ശതമാനം) പലിശ സഹിതം ഈടാക്കുന്നതിനും ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- (അഞ്ഞൂറ്) രൂപ വീതം സ്ഥിരമായി കുറവു ചെയ്യുന്നതിനും സർവ്വീസിലുള്ള ശ്രീ.സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡിൽ നിന്നും 96,789/- രൂപ 5% പലിശ സഹിതം ടിയാന്റെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്നതിനും 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 VA പ്രകാരം ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുന്നതിനും തീരുമാനിച്ച് പരാമർശം (4) പ്രകാരം ഉത്തരവായി.

3) ടിയാന്മാർക്കെതിരെ കോട്ടയം ബഹു.എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന സിസി.71-2010-ാം നമ്പർ കേസിലെ 25.09.2017-ലെ വിധിയുടെ അടിസ്ഥാനത്തിൽ സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിച്ചുത്തരവാകുന്നതിന് സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ടിയാന്മാരുടെ സസ്പെൻഷൻ കാലം പെൻഷന് മാത്രം യോഗ്യമായ കാലമായും ടി കാലയളവിലെ ശമ്പളം ടിയാന്മാർ വാങ്ങിയ ഉപജീവനബത്തയിൽ പരിമിതപ്പെടുത്തുന്നതിനും ടിയാന്മാർ സർവ്വീസിൽ തിരികെ പ്രവേശിച്ചുവരെയുള്ള കാലയളവ് കെ.എസ്.ആർ.പാർട്ട് 1 റൂൾ 56ബി(9), നോട്ട് 2 പ്രകാരം അർഹവും അനുവദനീയവുമായ പ്രവേശനകാലമായോ അർഹതപ്പെട്ട അവധിയായോ ക്രമപ്പെടുത്തുന്നതിനും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കിയത് 'കഠിന ശിക്ഷ' നൽകി ആയതിനാൽ ടിയാളുകളുടെ 12.07.2002 മുതൽ 23.12.2003 വരെയുള്ള സസ്പെൻഷൻ കാലയളവ് ശമ്പളവും അലവൻസും ഉപജീവനബത്തയിൽ നിജപ്പെടുത്തി പെൻഷനു മാത്രം ഡ്യൂട്ടിയായും, ശ്രീ.ഇ.പി.കമാരന്റെ 24.12.2003 മുതൽ ജോലിയിൽ പ്രവേശിച്ചു വരെയുള്ള ഇടവേള പരാമർശം ( 3 ) പ്രകാരം ക്രമീകരിച്ചിട്ടുള്ള സാഹചര്യത്തിൽ സർവ്വശ്രീ.

കെ.യു.മുഹമ്മദ് ഹനീഫ സി.കെ.പത്മനാഭൻ, എന്നിവരുടെ 24.12.2003 മുതൽ ജോലിയിൽ പ്രവേശിച്ചതു വരെയുള്ള ഇടവേള കെ.എസ്.ആർ ഭാഗം I ചട്ടം 56 ബി (9)-ന്റെ താഴെയുള്ള കുറിപ്പ് 2 പ്രകാരം അർഹതപ്പെട്ട അവധിയായോ പ്രവേശനകാലമായോ ഇവ രണ്ടുമായോ കണക്കാക്കിയും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
**ജോയിൻറ് സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ഇ.പി.കുമാരൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)

ശ്രീ.കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ച് ഓഫീസർ (റിട്ട)

ശ്രീ.സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

ധനകാര്യ വകുപ്പ്(അഗ്രി - എ2/197/2017-ധന പ്രകാരം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ